118

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ലോകകാര്യ ഭാരത കൗൺസിൽ ആക്റ്റ്, 2001

## (2001-ലെ 29-ാം നമ്പർ ആക്റ്റ്)

(2007 മാർച്ച് 9-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE INDIAN COUNCIL OF WORLD AFFAIRS ACT, 2001

## (Act No. 29 of 2001)

## (As on 9th March, 2007)

വില 24 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2008

# ആമുഖം

2007 മാർച്ച് 9-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ലോകകാര്യ ഭാരത കൗൺസിൽ ആക്റ്റ്, 2001 (2001-ലെ 29-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 മെയ് 18-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 4-ാം നമ്പരായി 1 മുതൽ 12 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This Edition of the Indian Council of World Affairs Act, 2001, (Act No. 29 of 2001) as on 9th March, 2007 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 4, dated 18th May, 2007 on pages 1 to 12.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

# ലോകകാര്യ ഭാരത കൗൺസിൽ ആക്റ്റ്, 2001

## (2001-ലെ 29-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | ലോകകാര്യ ഭാരത കൗൺസിലിനെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനമായി പ്രഖ്യാപിക്കൽ | 1 |
| 3. | നിർവ്വചനങ്ങൾ | 1 |
| 4. | കൗൺസിലിന്റെ ഏകാംഗീകരണം | 2 |
| 5. | നിലവിലുള്ള കൗൺസിലിന്റെ ആസ്തികളും ബാദ്ധ്യതകളും കൗൺസിലിലേക്ക് കൈമാറൽ | 2 |
| 6. | വസ്തുക്കളോ ആസ്തികളോ കൈമാറ്റം ചെയ്യാനുള്ള ബാദ്ധ്യത | 3 |
| 7. | കൗൺസിലിന്റെ ഘടന | 3 |
| 8. | ഔദ്യോഗിക കാലാവധിയും അംഗങ്ങൾക്കിടയിലുള്ള ഒഴിവുകളും | 5 |
| 9. | പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും | 5 |
| 10. | വൈസ് പ്രസിഡന്റുമാരുടെ അധികാരങ്ങളും ചുമതലകളും | 5 |
| 11. | അംഗങ്ങളുടെ ബത്തകൾ | 5 |
| 12. | കൗൺസിലിന്റെ യോഗങ്ങൾ | 5 |
| 13. | കൗൺസിലിന്റെ ലക്ഷ്യങ്ങൾ | 6 |
| 14. | കൗൺസിലിന്റെ ഭരണസമിതിയും മറ്റു കമ്മിറ്റികളും | 6 |
| 15. | കൗൺസിലിന്റെ സ്റ്റാഫ് | 7 |
| 16. | കൗൺസിലിന്റെ ചുമതലകൾ | 7 |
| 17. | കൗൺസിലിന് പണം നൽകൽ | 7 |
| 18. | കൗൺസിലിന്റെ നിധി | 8 |
| 19. | കൗൺസിലിന്റെ ബജറ്റ് | 8 |
| 20. | അക്കൗണ്ടുകളും ആഡിററും | 8 |
| 21. | വാർഷിക റിപ്പോർട്ട് | 8 |
| 22. | കൗൺസിലിന്റെ ഉത്തരവുകളും പ്രമാണങ്ങളും പ്രമാണീകരിക്കൽ | 9 |
| 23. | ഒഴിവ് മുതലായവ കൗൺസിലിന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് | 9 |
| 23ക. | പരിവർത്തക വ്യവസ്ഥ | 9 |
| 24. | റിപ്പോർട്ടുകളും റിട്ടേണുകളും വിവരങ്ങളും | 9 |
| 25. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം | 9 |
| 26. | റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം | 10 |
| 27. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 11 |
| 28. | വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം | 11 |
| 28ക. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 11 |
| 29. | റദ്ദാക്കലും ഒഴിവാക്കലും | 11 |


3/9002/08

# ലോകകാര്യ ഭാരത കൗൺസിൽ ആക്റ്റ്, 2001

(2001-ലെ 29-ാം നമ്പർ ആക്റ്റ്)

[2001 സെപ്റ്റംബർ, 3]

ലോകകാര്യങ്ങൾക്കായുള്ള ഭാരത കൗൺസിലിനെ ദേശീയ
പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നതിനും
അതിന്റെ ഏകാംഗീകരണത്തിനും അതുമായി
ബന്ധപ്പെട്ട സംഗതികൾ വ്യവസ്ഥ
ചെയ്യുന്നതിനുമുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ളിക്കിന്റെ അമ്പത്തിരണ്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് ലോകകാര്യ ഭാരത കൗൺസിൽ ആക്റ്റ്, 2001 എന്ന് പേര് പറയാവുന്നതാണ്.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തിടത്തൊഴികെ, ഇത് 2000 സെപ്റ്റംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ലോകകാര്യ ഭാരത കൗൺസിലിനെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനമായി പ്രഖ്യാപിക്കൽ.—സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻ കീഴിൽ ഒരു സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ട ലോകകാര്യ ഭാരത കൗൺസിലിന്റെ ലക്ഷ്യങ്ങൾ, ആ കൗൺസിലിനെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ ഒന്ന് ആക്കുന്നതിനു വേണ്ടിയുള്ള തായതിനാൽ ആ സ്ഥാപനത്തെ ലോകകാര്യ ഭാരത കൗൺസിൽ എന്ന് അറിയപ്പെടുന്ന ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

3. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ ദിവസം എന്നർത്ഥമാകുന്നു;

(ഖ) "ചെയർപേഴ്സൺ" എന്നാൽ ഭരണസമിതിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) "കൗൺസിൽ" എന്നാൽ 4-ാം വകുപ്പിൻകീഴിൽ ഏകാംഗീകൃതമാക്കപ്പെട്ട ഭാരത ലോകകാര്യ കൗൺസിൽ എന്നർത്ഥമാകുന്നു;

(ഘ) "ഡയറക്ടർ-ജനറൽ" എന്നാൽ കൗൺസിലിന്റെ ഡയറക്ടർ - ജനറൽ എന്നർത്ഥമാകുന്നു;

(ങ) "നിലവിലുള്ള കൗൺസിൽ" എന്നാൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻ കീഴിൽ ഒരു സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടതും നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് അപ്രകാരം പ്രവർത്തനം ആരംഭിച്ചതുമായ ലോകകാര്യ ഭാരത കൗൺസിൽ എന്നർത്ഥമാകുന്നു;

(ച) "നിധി" എന്നാൽ 18-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കൗൺസിലിന്റെ നിധി എന്നർത്ഥമാകുന്നു;

(ഛ) "ഭരണസമിതി" എന്നാൽ കൗൺസിലിന്റെ ഭരണസമിതി എന്നർത്ഥമാകുന്നു;

(ജ) "അംഗം" എന്നാൽ കൗൺസിലിലെ ഒരു അംഗം എന്നർത്ഥമാകുന്നതും പ്രസിഡന്റും വൈസ് പ്രസിഡന്റും ഉൾപ്പെടുന്നതും ആകുന്നു;

(ഝ) "പ്രസിഡന്റ്" എന്നാൽ കൗൺസിലിന്റെ പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(ഞ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ട) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ഠ) "വൈസ് പ്രസിഡന്റുമാർ" എന്നാൽ കൗൺസിലിന്റെ വൈസ് പ്രസിഡന്റുമാർ എന്നർത്ഥമാകുന്നു.

4. കൗൺസിലിന്റെ ഏകാംഗീകരണം.—(1) ലോകകാര്യ കൗൺസിലിനെ, ലോകകാര്യ ഭാരത കൗൺസിൽ എന്ന പേരിൽ ഒരു ഏകാംഗീകൃത നികായമായി ഇതിനാൽ രൂപീകരിച്ചിട്ടുള്ളതും അങ്ങനെയുള്ള ഏകാംഗീകൃത നികായമെന്ന നിലയിൽ അതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനും, കരാറിൽ ഏർപ്പെടുന്നതിനും ഉള്ള അധികാരത്തോടെ ശാശ്വതമായ പിൻതുടർച്ചാവകാശവും, പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും ആ പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(2) കൗൺസിലിന്റെ ഹെഡ്ഡാഫീസ് ഡൽഹിയിലായിരിക്കുന്നതും കൗൺസിലിന്, കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ശാഖകൾ ഭാരതത്തിന്റെ മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതുമാണ്.

5. നിലവിലുള്ള കൗൺസിലിന്റെ ആസ്തികളും ബാദ്ധ്യതകളും കൗൺസിലിലേക്ക് കൈമാറൽ.—(1) നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതലും,—

(ക) ആ ദിവസത്തിന് തൊട്ടുമുമ്പ്, നിലവിലുള്ള കൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ വസ്തുക്കളും മറ്റു ആസ്തികളും കൗൺസിലിൽ നിക്ഷിപ്തമാകുന്നതും;

(ഖ) നിലവിലുള്ള കൗൺസിലിന്റെ ആവശ്യങ്ങൾക്കുവേണ്ടിയോ അതുമായി ബന്ധപ്പെട്ടതോ ആ ദിവസത്തിനു തൊട്ടുമുമ്പ് നിലവിലുള്ള കൗൺസിലിനാലോ കൗൺസിലുമായോ കൗൺസിലിനു വേണ്ടിയോ ഉണ്ടായിട്ടുള്ള എല്ലാ കടങ്ങളും കടപ്പാടുകളും ബാദ്ധ്യതകളും ഏർപ്പെട്ടിട്ടുള്ള എല്ലാ കരാറുകളും ചെയ്യുന്നതിനായി ഏർപ്പാടാക്കിയ എല്ലാ കാര്യങ്ങളും സംഗതികളും ഈ കൗൺസിലിനാലോ കൗൺസിലുമായോ കൗൺസിലിനുവേണ്ടിയോ ഉണ്ടായിട്ടുളളതോ ഏർപ്പെട്ടിട്ടുള്ളതോ ചെയ്യുന്നതിനായി ഏർപ്പാടാക്കിയതോ ആയി കരുതപ്പെടേണ്ടതും;

(ഗ) ആ ദിവസത്തിന് തൊട്ടുമുമ്പ്, നിലവിലുള്ള കൗൺസിലിന് കിട്ടാനുള്ള എല്ലാ തുകകളും ഈ കൗൺസിലിന് കിട്ടാനുളളതായി കരുതപ്പെടേണ്ടതും;

(ഘ) ആ ദിവസത്തിന് തൊട്ടുമുമ്പ്, നിലവിലുള്ള കൗൺസിലിനാലോ കൗൺസിലിന് എതിരായോ ആരംഭിച്ചതോ ആരംഭിക്കാൻ കഴിയുമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും മറ്റ് നിയമ നടപടികളും ഈ കൗൺസിലിനാലോ കൗൺസിലിന് എതിരായോ തുടരാവുന്നതും, അല്ലെങ്കിൽ ആരംഭിക്കാവുന്നതും;

(ങ) ആ ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള കൗൺസിലിന്റെ കീഴിൽ ഉദ്യോഗം വഹിച്ചിരുന്ന ഓരോ ജീവനക്കാരനും ആ ദിവസം അപ്രകാരമുള്ള നിക്ഷിപ്തമാക്കൽ ഉണ്ടായിരുന്നില്ലെങ്കിൽ പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റു കാര്യങ്ങളും സംബന്ധിച്ച് അയാൾക്ക് അനുവദനീയമായിരുന്ന അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും സഹിതം ഈ കൗൺസിലിൻ കീഴിൽ അയാൾ ഉദ്യോഗമോ സേവനമോ വഹിക്കുന്നതും ഈ കൗൺസിലിൻ കീഴിലുള്ള അയാളുടെ ഉദ്യോഗം യഥാവിധി അവസാനിപ്പിക്കാത്തപക്ഷവും അവസാനിപ്പിക്കുന്നതുവരെയും അല്ലെങ്കിൽ അയാളുടെ പ്രതിഫലവും മറ്റു സേവന വ്യവസ്ഥകളും ഈ കൗൺസിൽ യഥാവിധി ഭേദഗതി ചെയ്യുന്നതുവരെയും അപ്രകാരം തുടരുന്നതുമാണ്.

(2) വ്യവസായ തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പു പ്രകാരം കൗൺസിലിന്റെ സ്ഥിരം സേവനത്തിലേക്കുള്ള ഏതെങ്കിലും ജീവനക്കാരന്റെ കൗൺസിൽ മുഖേനയുള്ള ഉൾക്കൊളളിക്കൽ പ്രസ്തുത ആക്റ്റോ അല്ലെങ്കിൽ മറേതെങ്കിലും നിയമപ്രകാരമോ

യാതൊരു നഷ്ടപരിഹാരത്തിനും അങ്ങനെയുള്ള ജീവനക്കാരനെ അർഹനാക്കുന്നതല്ലാത്തതും യാതൊരു കോടതിയോ ട്രിബ്യൂണലോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനമോ അങ്ങനെയുള്ള യാതൊരു അവകാശവാദവും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതുമാകുന്നു.

6. വസ്തുക്കളോ ആസ്തികളോ കൈമാറ്റം ചെയ്യാനുള്ള ബാദ്ധ്യത.—(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വസ്തുക്കളുടെ ഭാഗമായി വരുന്ന വസ്തുവിന്റെ കൈവശമോ സൂക്ഷിപ്പോ നിയന്ത്രണമോ ഉള്ള ഓരോ ആളും അങ്ങനെയുള്ള വസ്തു ഉടൻതന്നെ 'ഡയറക്ടർ-ജനറലിന് കൈമാറേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് നിലവിലുള്ള കൗൺസിലിന്റെ വസ്തുവിന്റെയും മറ്റ് ആസ്തികളുടെയും ചുമതലയുള്ള ഏതൊരാളും ആ തീയതി മുതൽ പത്ത് ദിവസത്തിനകം ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പുള്ള എല്ലാ വസ്തുക്കളുടെയും ആസ്തികളുടെയും (കണക്കിൻ പ്രകാരമുള്ള കടങ്ങളുടെയും നിക്ഷേപങ്ങളുടെയും ജംഗമ സ്വത്തുക്കളുടെയും വിവരങ്ങൾ ഉൾപ്പെടെ) കൂടാതെ നിലവിലുള്ള കൗൺസിലോ അല്ലെങ്കിൽ അതിനുവേണ്ടി ഏതെങ്കിലും ആളോ ഏർപ്പെട്ടിട്ടുള്ള എല്ലാ കരാറുകളുടെയും ഒരു പൂർണ്ണ വിവരപ്പട്ടിക ഡയറക്ടർ-ജനറലിന് നല്കേണ്ടതാണ്.

7. കൗൺസിലിന്റെ ഘടന.—(1) 2001 സെപ്റ്റംബർ 1-ാം തീയതിയും അതുമുതൽക്കും (2)-ാം ഉപവകുപ്പിൻകീഴിൽ നിശ്ചയിക്കുന്നതുവരെയും കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഉപരാഷ്ട്രപതി, എക്സ്-ഒഫീഷ്യോ, പ്രസിഡന്റായിരിക്കും;

(ഖ) ഭാരതത്തിന്റെ പ്രധാനമന്ത്രി;

(ഗ) ലോകസഭാ സ്പീക്കർ;

(ഘ) സഭാ നേതാവ്, രാജ്യസഭ;

(ങ) പ്രതിപക്ഷ നേതാവ്, ലോകസഭ;

(ച) പ്രതിപക്ഷ നേതാവ്, രാജ്യസഭ.

(2) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിലും അന്നു മുതൽക്കും [1][***] കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഉപരാഷ്ട്രപതി, എക്സ്-ഒഫീഷ്യോ, പ്രസിഡന്റായിരിക്കും;

(ഖ) [2][ആദ്യത്തെ പ്രാവശ്യം (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും, അതിനുശേഷം ഈ ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും നാമനിർദ്ദേശം ചെയ്യുന്ന] മൂന്ന് വൈസ് പ്രസിഡന്റുമാർ;

[3][(ഗ) ഡയറക്ടർ-ജനറൽ, എക്സ്-ഒഫീഷ്യോ, മെമ്പർ സെക്രട്ടറി;]

(ഘ) ലോകസഭാ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് ലോകസഭാംഗങ്ങളും, രാജ്യസഭാ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് രാജ്യസഭാംഗങ്ങളും;

---

1. 2003-ലെ ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ് (2004-ലെ 5) 2(i)-ാം വകുപ്പുപ്രകാരം "ലോകകാര്യ ഭാരത കൗൺസിൽ ബിൽ, 2001-ന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ച തീയതി മുതൽ മൂന്നുമാസത്തിൽ കവിയാത്ത" എന്നീ വാക്കുകളും അക്കങ്ങളും വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റ് 2(ii)-ാം വകുപ്പുപ്രകാരം "കൗൺസിൽ നാമനിർദ്ദേശം ചെയ്യാവുന്ന" എന്ന വാക്കുകൾക്കു പകരം ചേർത്തത്.

3. മേൽപ്പറഞ്ഞ ആക്റ്റ് 2(iii)-ാം വകുപ്പുപ്രകാരം "(ഗ) കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡയറക്ടർ-ജനറൽ" എന്ന വാക്കുകൾക്കു പകരം ചേർത്തത്.

(ങ) നയതന്ത്രം, അന്തർദ്ദേശീയ കാര്യങ്ങൾ, അന്താരാഷ്ട്ര നിയമം, ബഹുരാഷ്ട്ര അല്ലെങ്കിൽ ഐക്യരാഷ്ട്ര കാര്യങ്ങൾ, സുരക്ഷയും നിരായുധീകരണവും എന്നീ മേഖലകളിൽ പ്രഗത്ഭരായ [1][ആദ്യത്തെ പ്രാവശ്യം (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും അതിനുശേഷം ഈ ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും നാമനിർദ്ദേശം ചെയ്യുന്ന] ഏഴ് അംഗങ്ങൾ;

(ച) സർവ്വകലാശാലകളിലെ അല്ലെങ്കിൽ ഉന്നതപഠന ഗവേഷണ സ്ഥാപനങ്ങളിലെ ചരിത്രം, ധനതത്വശാസ്ത്രം, മറ്റു സാമൂഹിക ശാസ്ത്രങ്ങൾ എന്നീ മേഖലകളിൽ വിദഗ്ദ്ധരായവരിൽനിന്നും [2][ആദ്യത്തെ പ്രാവശ്യം (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും, അതിനുശേഷം ഈ ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും നാമനിർദ്ദേശം ചെയ്യുന്ന] ഏഴ് അംഗങ്ങൾ (ഇവരിൽ കുറഞ്ഞത് രണ്ടുപേർ വൈസ് ചാൻസലർമാർ ആയിരിക്കും);

(ഛ) മാധ്യമ പ്രവർത്തകരോ അല്ലെങ്കിൽ ഇൻഡ്യ , ഇന്റർനാഷണൽ സെന്റർ, സെന്റർ ഫോർ പോളിസി റിസർച്ച്, ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആന്റ് അനാലിസിസ്സ്, ഇൻഡ്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസ് എന്നിവ പോലുള്ള കൗൺസിലിന്റെ പ്രവർത്തനങ്ങളിലും ലക്ഷ്യങ്ങളിലും തൽപ്പരരായിട്ടുള്ള മാധ്യമ പ്രവർത്തകരോ അല്ലെങ്കിൽ ഇൻഡ്യ ഇന്റർനാഷണൽ സെന്റർ, സെന്റർ ഫോർ ഫാമിലി റിസർച്ച്, ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആന്റ് അനാലിസിസ്സ്, ഇൻഡ്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസ് എന്നിവ പോലുള്ള [3][സംഘടനകളിൽ നിന്നുള്ള വ്യക്തികളോ] ആയ ഏഴ് അംഗങ്ങളെ കൗൺസിലിന്റെ ഭരണസമിതി [4][നാമനിർദ്ദേശം ചെയ്യേണ്ടതും];

(ജ) [5][ബിസിനസ് അല്ലെങ്കിൽ] ചേംബർ ഓഫ് കോമേഴ്സ്, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, അസോസിയേറ്റ് ചേംബേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി ഓഫ് ഇൻഡ്യ, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻസ് എന്നിവയിൽനിന്നും കൗൺസിലിന്റെ ഭരണസമിതി നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ ;

(ഝ) വിദേശ മന്ത്രാലയത്തിൽനിന്നും മൂന്ന് അംഗങ്ങൾ, [വിദേശകാര്യ സെക്രട്ടറി, സാമ്പത്തിക ഉപദേഷ്ടാവ്, ഡീൻ (ഫോറിൻ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്)] [6][***] എക്സ്-ഒഫിഷ്യോ;

(ഞ) യഥാക്രമം വിദ്യാഭ്യാസം, സാംസ്കാരികം, നഗരവികസനം, ശാസ്ത്രവും സാങ്കേതിക വിദ്യയും, പ്രതിരോധം എന്നിവ കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയങ്ങളെ പ്രതിനിധീകരിച്ച് കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ, എക്സ്-ഒഫിഷ്യോ.

(3) കൗൺസിലിലെ ഒരംഗമെന്ന പദവി അത് വഹിക്കുന്ന ആളെ പാർലമെന്റിന്റെ ഏതെങ്കിലും സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനോ അല്ലെങ്കിൽ ഒരു അംഗമായി തുടരുന്നതിനോ അയോഗ്യനാക്കുന്നതല്ല എന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

(4) ഒരാളെ, അദ്ദേഹം—

(ക) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക അധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം നടത്തപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ളപക്ഷം ; അല്ലെങ്കിൽ

(ഖ) അവിമുക്ത നിർദ്ധനനാണെങ്കിൽ; അല്ലെങ്കിൽ

---

1. 2003-ലെ ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ് (2004-ലെ 5) 2 (iv)-ാം വകുപ്പുപ്രകാരം "കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന" എന്ന വാക്കുകൾക്കു പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ് 2 (v)-ാം വകുപ്പു പ്രകാരം "കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന" എന്ന വാക്കുകൾക്ക് പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ് 2 (vi)-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം "മാധ്യമ പ്രകാരമോ അല്ലെങ്കിൽ സംഘടനകളുടെ പ്രതിനിധികളോ" എന്ന വാക്കുകൾക്ക് പകരം ചേർത്തത്.
4. മേൽപ്പറഞ്ഞ ആക്റ്റ് 2 (vi)-ാം വകുപ്പ് (ഖ) ഖണ്ഡ പ്രകാരം "തെരഞ്ഞെടുത്ത" എന്ന വാക്കിനു പകരം ചേർത്തത്.
5. മേൽപ്പറഞ്ഞ ആക്റ്റ് 2 (vii)-ാം വകുപ്പുപ്രകാരം "ബിസിനസ്സിന്റെ പ്രതിനിധികളാകുന്ന അല്ലെങ്കിൽ" എന്ന വാക്കുകൾക്കു പകരം ചേർത്തത്.
6. മേൽപ്പറഞ്ഞ ആക്റ്റ് 2 (viii)-ാം വകുപ്പുപ്രകാരം "ഭരണസമിതിയുടെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(ഗ) ചിത്തഭ്രമം ഉള്ളതും അപ്രകാരം തുടരുന്നതായി ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിച്ചിട്ടുള്ളപക്ഷം,

ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ തിരഞ്ഞെടുക്കപ്പെടുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

8. ഔദ്യോഗിക കാലാവധിയും അംഗങ്ങൾക്കിടയിലുള്ള ഒഴിവുകളും.—(1) ഈ വകുപ്പിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തപ്രകാരമൊഴികെ, ഒരംഗത്തിന്റെ ഔദ്യോഗിക കാലാവധി അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷമായിരിക്കും.

(2) ഒരു യാദൃശ്ചിക ഒഴിവ് നികത്തുന്നതിനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന്റെ ഔദ്യോഗിക കാലാവധി, ഏത് അംഗത്തിന്റെ സ്ഥാനത്തേക്കാണോ അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ടത്, ആ അംഗത്തിന്റെ ശിഷ്ടകാലത്തേക്ക് തുടരുന്നതാണ്.

(3) ഒരു അംഗം, കേന്ദ്രസർക്കാർ മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, മറ്റൊരാളെ അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് അംഗമായിട്ട് നാമനിർദ്ദേശം ചെയ്യുന്നതുവരെ, ഉദ്യോഗത്തിൽ തുടരുന്നതാണ്.

(4) ഒരു അംഗം—

(ക) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാകുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഖ) പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ പ്രവർത്തനത്തിന് കഴിവില്ലാതായിത്തീരുകയോ ; അല്ലെങ്കിൽ

(ഗ) ഹാജരാക്കാതിരിക്കുന്നതിന് കൗൺസിലിന്റെ അനുവാദംകൂടാതെ കൗൺസിലിന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; അല്ലെങ്കിൽ

(ഘ) തന്റെ സ്ഥാനം ദുർവിനിയോഗം ചെയ്തതിനാൽ അദ്ദേഹം ആ പദവിയിൽ തുടരുന്നത് പൊതുജന താൽപ്പര്യത്തിന് ഹാനികരമാണെന്ന് കേന്ദ്രസർക്കാരിന് അഭിപ്രായമുണ്ടായിരിക്കുകയോ ചെയ്താൽ,

കേന്ദ്രസർക്കാരിന് അദ്ദേഹത്തെ നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, യാതൊരു അംഗത്തെയും ഈ സംഗതിയിൽ കേൾക്കപ്പെടാനുള്ള ന്യായമായ ഒരവസരം അദ്ദേഹത്തിന് നൽകാത്തപക്ഷം, ഈ ഖണ്ഡപ്രകാരം നീക്കംചെയ്യുവാൻ പാടുള്ളതല്ല.

(5) ഒരു അംഗം, 7-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ അയോഗ്യനാക്കപ്പെടാത്തപക്ഷം, പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതാണ്.

(6) കേന്ദ്രസർക്കാരിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിലുള്ള ലിഖിതത്താൽ ഒരംഗത്തിന് തന്റെ ഉദ്യോഗത്തിൽനിന്ന് രാജിവയ്ക്കാവുന്നതും, എന്നാൽ കേന്ദ്രസർക്കാർ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഉദ്യോഗത്തിൽ തുടരേണ്ടതുമാണ്.

(7) അംഗങ്ങൾക്കിടയിലുള്ള ഒഴിവുകൾ നികത്തുന്നത് ചട്ടങ്ങളാൽ നിർണ്ണയിക്കാവുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

9. പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും.—പ്രസിഡന്റിന് ഈ ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമോ അല്ലെങ്കിൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമോ ഉള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കാവുന്നതും ആണ്.

10. വൈസ് പ്രസിഡന്റുമാരുടെ അധികാരങ്ങളും ചുമതലകളും.—വൈസ് പ്രസിഡന്റുമാർക്ക് ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ പ്രസിഡന്റ് അവർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതോ ആയ പ്രസിഡന്റിന്റെ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കാവുന്നതുമാണ്.

11. അംഗങ്ങളുടെ ബത്തകൾ.—ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾ, വല്ലതുമുണ്ടെങ്കിൽ അംഗങ്ങൾക്ക് കൗൺസിലിൽനിന്നും സ്വീകരിക്കാവുന്നതാണ്.

12. കൗൺസിലിന്റെ യോഗങ്ങൾ.—കൗൺസിൽ അതിന്റെ ആദ്യ യോഗം കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും കൂടേണ്ടതും ആദ്യ യോഗത്തിലെ കാര്യപരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് ആ സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള

നടപടിക്രമങ്ങൾ പാലിക്കേണ്ടതും; അതിനുശേഷം, കൗൺസിൽ അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും കൂടേണ്ടതും അതിന്റെ യോഗങ്ങളിലെ കാര്യപരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

13. കൗൺസിലിന്റെ ലക്ഷ്യങ്ങൾ.—കൗൺസിലിന്റെ ലക്ഷ്യങ്ങൾ,—

(ക) അന്തർദ്ദേശീയ വിഷയങ്ങളെ സംബന്ധിച്ച് ധാരണയുള്ളവരുടെ ഒരു സമൂഹത്തെ വളർത്തിയെടുക്കത്തക്കവിധം ഭാരതത്തിന്റെയും അന്തർദ്ദേശീയ കാര്യങ്ങളുടെയും പഠനം പ്രോൽസാഹിപ്പിക്കൽ;

(ഖ) പഠനം, ഗവേഷണം, ചർച്ച, പ്രഭാഷണം, ഭാരതത്തിനകത്തും പുറത്തും സമാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള മറ്റു സംഘടനകളുമായി ആശയങ്ങളും വിവരങ്ങളും കൈമാറ്റം ചെയ്യൽ എന്നിവ വഴി മറ്റു രാജ്യങ്ങളുമായുള്ള ഭാരതത്തിന്റെ ബന്ധം പ്രോൽസാഹിപ്പിക്കൽ;

(ഗ) ലോകകാര്യങ്ങളെ സംബന്ധിച്ച വിവരവും അറിവും ശേഖരിച്ച് വിതരണം ചെയ്യുന്ന ഒരു ഏജൻസിയായി വർത്തിക്കാൻ;

(ഘ) ഖണ്ഡങ്ങൾ (ക)-യിലും (ഖ)-യിലും ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ജേർണലുകൾ, അവലോകനങ്ങൾ, പത്രങ്ങൾ, ലഘുലേഖകൾ, മറ്റു സാഹിത്യം എന്നിവ പ്രസിദ്ധീകരിക്കൽ;

(ങ) ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ പ്രോൽസാഹിപ്പിക്കുന്ന സംഘടനകളുമായി ബന്ധം സ്ഥാപിക്കൽ;

(ച) അന്തർദ്ദേശീയ കാര്യങ്ങളോടുള്ള ഭാരതത്തിന്റെ നയം ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതിനുമായി കോൺഫറൻസുകളും സെമിനാറുകളും സംഘടിപ്പിക്കൽ;

(ഛ) ആശയങ്ങളുടെ പ്രോൽസാഹനത്തിനും മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുടെ പ്രാപ്തിക്കും വേണ്ടി അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ,

എന്നിവ ആയിരിക്കുന്നതാണ്.

14. കൗൺസിലിന്റെ ഭരണസമിതിയും മറ്റ് കമ്മിറ്റികളും.—(1) കൗൺസിലിനാൽ രൂപീകരിക്കപ്പെടുന്ന കൗൺസിലിന്റെ ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്.

(2) ഭരണസമിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ആയിരിക്കുന്നതും അത് ഇതിലേക്കായി, റഗുലേഷനുകൾ മുഖേന കൗൺസിൽ നൽകുന്നതോ ഭരമേൽപ്പിക്കുന്നതോ ആയ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

(3) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അന്നുമുതൽക്കും ഭാരതത്തിന്റെ ഉപരാഷ്ട്രപതി, എക്സ് ഒഫിഷ്യോ, ഭരണസമിതിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതും റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കേണ്ടതും ആണ്.

(4) ഭരണസമിതി അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനും പാലിക്കേണ്ട നടപടിക്രമവും ഭരണസമിതിയുടെ ഔദ്യോഗിക കാലാവധിയും അംഗങ്ങൾക്കിടയിലെ ഒഴിവുകൾ നികത്തുന്ന രീതിയും റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(5) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വിധേയമായി കൗൺസിലിന് അതിന് യുക്തമെന്ന് തോന്നുന്നത്ര സ്റ്റാൻഡിംഗ് കമ്മിറ്റികളും അഡ്ഹോക്ക് കമ്മിറ്റികളും കൗൺസിലിന്റെ ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ ചുമതലകൾ നിർവഹിക്കുന്നതിനോ, കൗൺസിൽ അവയ്ക്ക് റഫർ ചെയ്തേക്കാവുന്ന ഏതെങ്കിലും കാര്യങ്ങൾ അന്വേഷിക്കുന്നതിനോ, അതിൻമേൽ റിപ്പോർട്ട് ചെയ്യുന്നതിനോ ഉപദേശിക്കുന്നതിനോ, രൂപീകരിക്കാവുന്നതാണ്.

(6) ചെയർപേഴ്സണും ഭരണസമിതിയിലെയോ ഒരു സ്റ്റാൻഡിംഗ് കമ്മിററിയിലെയോ അല്ലെങ്കിൽ ഒരു അഡ് ഹോക്ക് കമ്മിറ്റിയിലെയോ അംഗങ്ങൾക്കും റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾ ലഭിക്കുന്നതാണ്.

15. കൗൺസിലിന്റെ സ്റ്റാഫ്.—[1][(1) കൗൺസിലിന് ഒരു ഡയറക്ടർ-ജനറൽ ഉണ്ടായിരിക്കേണ്ടതും, അദ്ദേഹത്തെ 7-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള കൗൺസിൽ രൂപീകരിക്കപ്പെടുന്നതിനുമുമ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലും അതിനുശേഷം, 7-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലിന്റെ കാലയളവിൽ ആ കൗൺസിലും നിയമിക്കേണ്ടതും ആകുന്നു.

(1ക) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഡയറക്ടർ-ജനറലിന്റെ ഓരോ നിയമനവും ഭാരത സർക്കാരിന്റെ വിദേശമന്ത്രാലയത്തിൽനിന്നും ശിപാർശ ചെയ്ത, ഏറ്റവും കുറഞ്ഞത് രണ്ടു പേരെങ്കിലും ഉള്ള ഒരു പാനലിൽനിന്നും നടത്തേണ്ടതാണ്.

(1ഖ) ഡയറക്ടർ-ജനറൽ, കൗൺസിലിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്.

(1ഗ) ഡയറക്ടർ-ജനറലിന് ഏറ്റവും കുറഞ്ഞത് ഭാരതസർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടേതിന് തുല്യമായ പദവി ഉണ്ടായിരിക്കുന്നതും മൂന്നു വർഷത്തിൽ കവിയാത്ത സേവന കാലാവധി ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) ഡയറക്ടർ-ജനറൽ കൗൺസിലിന്റെയും, അതിന്റെ ഭരണസമിതിയുടെയും അതിന്റെ മറ്റ് സമിതികളുടെയും എക്സ്-ഒഫിഷ്യോ മെമ്പർ-സെക്രട്ടറിയായി പ്രവർത്തിക്കുന്നതാണ്.]

(3) ഡയറക്ടർ-ജനറൽ, റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ടതോ അല്ലെങ്കിൽ കൗൺസിലോ പ്രസിഡന്റോ ഭരണസമിതിയോ അല്ലെങ്കിൽ ചെയർപേഴ്സണോ ഏൽപ്പിച്ചുകൊടുത്തതോ ആയ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

(4) വിദേശകാര്യമന്ത്രാലയത്തിലെ സാമ്പത്തിക ഉപദേഷ്ടാവ് കൗൺസിലിന്റെ സാമ്പത്തിക ഉപദേഷ്ടാവായിരിക്കുന്നതാണ്.

(5) ഇതിലേക്കായി ഉണ്ടാക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, കൗൺസിലിന് അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനും ആവശ്യമായത്ര എണ്ണം മറ്റ് ആഫീസർമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതും അങ്ങനെയുള്ള മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും ഉദ്യോഗപ്പേരുകളും ഗ്രേഡുകളും നിശ്ചയിക്കാവുന്നതുമാണ്.

(6) ഇതിലേക്കായി ഉണ്ടാക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, കൗൺസിലിന്റെ ഡയറക്ടർ-ജനറലിനും മറ്റു ആഫീസർമാർക്കും ജീവനക്കാർക്കും അങ്ങനെയുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതും, അവധി, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, മറ്റു സംഗതികൾ എന്നിവ സംബന്ധിച്ച് ഇതിലേക്കായി ഉണ്ടാക്കപ്പെട്ട റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള സേവന വ്യവസ്ഥകൾ അനുശാസിക്കുന്ന പ്രകാരമായിരിക്കുന്നതുമാണ്.

16. കൗൺസിലിന്റെ ചുമതലകൾ.—കൗൺസിൽ, 13-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കൗൺസിലിന്റെ ലക്ഷ്യങ്ങൾ കാര്യക്ഷമമായി നേടുന്നതിനുവേണ്ടി വിവിധ പരിപാടികൾ പ്രോൽസാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനും, വിവിധ പദ്ധതികൾ ഏറ്റെടുക്കേണ്ടതും കേന്ദ്രസർക്കാർ ചട്ടങ്ങളാൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റു ചുമതലകൾകൂടി നിർവഹിക്കേണ്ടതുമാണ്.

17. കൗൺസിലിന് പണം നൽകൽ.—കേന്ദ്രസർക്കാരിന്, ഇതിലേക്കായുള്ള നിയമപ്രകാരം പാർലമെന്റ് നടത്തിയ യഥാവിധിയുള്ള ധനവിനിയോഗത്തിനുശേഷം, ഈ ആക്റ്റ് പ്രകാരം കൗൺസിലിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനും ആവശ്യമെന്ന് കരുതുന്നത്ര തുകകൾ ഓരോ സാമ്പത്തിക വർഷവും കൗൺസിലിന് നൽകാവുന്നതാണ്.

1. 2003-ലെ ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ് (2004-ലെ 5) 3-ാം വകുപ്പുപ്രകാരം പ്രധാന ആക്റ്റിന്റെ 15-ാം വകുപ്പിൽ (1)-ഉം (2)-ഉം ഉപവകുപ്പുകൾക്ക് പകരം ചേർത്തത്.

18. കൗൺസിലിന്റെ നിധി.—(1) കൗൺസിൽ ഒരു നിധി വച്ചുപോരേണ്ടതും അതിലേക്ക്—

(ക) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന എല്ലാ പണവും;

(ഖ) ഗ്രാന്റുകൾ, ദാനങ്ങൾ, സംഭാവനകൾ, സഹായധനങ്ങൾ, ഒസ്യത്തുകൾ അല്ലെങ്കിൽ കൈമാറ്റങ്ങൾ എന്നിവ മുഖേന കൗൺസിലിന് ലഭിക്കുന്ന എല്ലാ പണവും;

(ഗ) മറ്റേതെങ്കിലും രീതിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ കൗൺസിലിന് ലഭിക്കുന്ന എല്ലാ പണവും വരവുവയ്ക്കേണ്ടതാണ്.

(2) നിധിയിലേക്ക് വരവുവച്ചിട്ടുള്ള എല്ലാ പണവും, കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി, കൗൺസിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള ബാങ്കുകളിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള രീതിയിൽ മുതൽമുടക്കുകയോ ചെയ്യേണ്ടതാണ്.

(3) നിധി, കൗൺസിലിന്റെ ഭരണപരവും 16-ാം വകുപ്പുപ്രകാരം ഉള്ളതോ അല്ലെങ്കിൽ അതിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ അതിനോട് ബന്ധപ്പെടുത്താവുന്ന എന്തെങ്കിലുമോ ആയ അതിന്റെ കൗൺസിലിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിലും ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെയുള്ള മറ്റു ചെലവുകളും വഹിക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്.

19. കൗൺസിലിന്റെ ബജറ്റ്.—കൗൺസിൽ ഓരോ വർഷവും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും തൊട്ടടുത്ത സാമ്പത്തികവർഷത്തേക്കുള്ള കൗൺസിലിന്റെ മതിപ്പ് വരവും ചെലവും കാണിച്ചുകൊണ്ടുള്ള ഒരു ബജറ്റ് തയ്യാറാക്കേണ്ടതും ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടുന്നപ്രകാരം അതിന്റെ അത്രയും എണ്ണം പകർപ്പുകൾ കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

20. അക്കൗണ്ടുകളും ആഡിറ്റും.—(1) കൗൺസിൽ ശരിയായ അക്കൗണ്ടുകളും ബന്ധപ്പെട്ട മറ്റു രേഖകളും വച്ചുപോരേണ്ടതും കേന്ദ്രസർക്കാർ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കുന്നതും ആ സർക്കാർ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള പൊതുനിർദ്ദേശങ്ങൾക്ക് അനുസൃതമായും അങ്ങനെയുള്ള ഫാറത്തിൽ ബാലൻസ്ഷീററ് ഉൾപ്പെടെയുള്ള വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കൗൺസിലിന്റെ അക്കൗണ്ടുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനാൽ ആഡിറ്റ് ചെയ്യപ്പെടേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ഉണ്ടാകുന്ന ഏതൊരു ചെലവും കൗൺസിൽ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

(3) കൗൺസിലിന്റെ ആഡിറ്റുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനും അദ്ദേഹത്താൽ നിയമിക്കപ്പെട്ട ഏതൊരാളിനും ഗവൺമെന്റ് അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് ഉള്ള അതേ അധികാരങ്ങളും വിശേഷാൽ അധികാരങ്ങളും, പ്രത്യേകിച്ച് ബുക്കുകൾ, അക്കൗണ്ടുകൾ, ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കാൻ ആവശ്യപ്പെടാനും കൗൺസിലിന്റെ ആഫീസോ ആഫീസുകളോ പരിശോധിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ അല്ലെങ്കിൽ അദ്ദേഹത്താൽ ഇതിലേക്കായി നിയമിക്കപ്പെട്ട ഏതൊരാളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കൗൺസിലിന്റെ അക്കൗണ്ടുകൾ, അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം, വർഷംതോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്.

21. വാർഷിക റിപ്പോർട്ട്.—കൗൺസിൽ ഓരോ വർഷവും, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും, മുൻവർഷക്കാലത്തെ അതിന്റെ പ്രവർത്തനങ്ങളുടെ സത്യസന്ധവും പൂർണ്ണവുമായ വിവരം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പുകൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും, ആ സർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്.

22. കൗൺസിലിന്റെ ഉത്തരവുകളും പ്രമാണങ്ങളും പ്രമാണീകരിക്കൽ.—കൗൺസിലിന്റെ ഓരോ ഉത്തരവുകളും, തീരുമാനങ്ങളും പ്രസിഡന്റിന്റെയോ വൈസ് പ്രസിഡന്റിന്റെയോ കയ്യൊപ്പിനാൽ പ്രമാണീകരിക്കേണ്ടതും കൗൺസിൽ പുറപ്പെടുവിക്കുന്ന മറ്റെല്ലാ പ്രമാണങ്ങളും ഡയറക്ടർ-ജനറലിന്റെയോ അല്ലെങ്കിൽ കൗൺസിൽ ഇതിലേക്കായി അധികാരപ്പെടുത്തിയ കൗൺസിലിന്റെ മറ്റേതെങ്കിലും ആഫീസറുടെയോ കൈയൊപ്പിനാൽ പ്രമാണീകരിക്കേണ്ടതും ആണ്.

23. ഒഴിവ് മുതലായവ കൗൺസിലിന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—ഈ ആക്റ്റിൻകീഴിലുള്ള കൗൺസിലിന്റെയോ ഭരണസമിതിയുടെയോ അല്ലെങ്കിൽ ഏതെങ്കിലും സ്റ്റാന്റിംഗ് അല്ലെങ്കിൽ അഡ്ഹോക് കമ്മിറ്റിയുടെ ഏതെങ്കിലും പ്രവൃത്തിയോ നടപടിയോ—

(ക) കൗൺസിലിലെ ഏതെങ്കിലും ഒഴിവോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഖ) കൗൺസിലിന്റെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയുടെ നിയമനത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഗ) കേസിന്റെ ഗുണദോഷങ്ങളെ ബാധിക്കാത്ത തരത്തിലുള്ള കൗൺസിലിന്റെ നടപടി ക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേടിന്റെയോ,
കാരണം കൊണ്ടുമാത്രം അസാധുവാകുന്നതല്ല.

[1][23ക. പരിവർത്തക വ്യവസ്ഥ.—സംശയനിവാരണത്തിനായി, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ നിബന്ധന അനുസരിച്ചുള്ള കൗൺസിലിന്റെ രൂപീകരണംവരെയും, അതിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കൗൺസിൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായുള്ള ഒരു കൗൺസിലായി കരുതപ്പെടേണ്ടതാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു :

എന്നാൽ, ഈ ആക്റ്റിലെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ റഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥ പ്രകാരം ചെയ്ത എന്തെങ്കിലുമോ, എടുത്ത ഏതെങ്കിലും നടപടിയോ തുടങ്ങിവച്ച ഏതെങ്കിലും നടപടി ക്രമമോ, 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ നിബന്ധനകൾ അനുസരിച്ചുള്ള ഒരു കൗൺസിൽ നിലവിലുണ്ടായിരുന്നില്ല എന്ന കാരണത്താൽ ഏതെങ്കിലും കോടതിയുടെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.]

24. റിപ്പോർട്ടുകളും റിട്ടേണുകളും വിവരങ്ങളും.—കൗൺസിൽ, കേന്ദ്രസർക്കാരിന്, ആ സർക്കാർ സമയാസമയങ്ങളിൽ ആവശ്യപ്പെടുന്ന അങ്ങനെയുള്ള റിപ്പോർട്ടുകളും റിട്ടേണുകളും മറ്റു വിവരവും നൽകേണ്ടതാണ്.

25. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 8-ാം വകുപ്പ് (7)-ാം ഉപവകുപ്പുപ്രകാരം അംഗങ്ങൾക്കിടയിലുള്ള ഒഴിവുകൾ നികത്തുന്ന രീതി;

(ഖ) 9-ഉം 10-ഉം വകുപ്പുകൾ പ്രകാരം, അതത് സംഗതിപോലെ, പ്രസിഡന്റും വൈസ് പ്രസിഡന്റും വിനിയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും കടമകളും;

(ഗ) 11-ാം വകുപ്പുപ്രകാരം, അംഗങ്ങൾക്ക് നൽകേണ്ട ബത്തകൾ;

(ഘ) 14-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം, സ്റ്റാൻഡിംഗ് കമ്മിറ്റികളും അഡ്ഹോക്ക് കമ്മിറ്റികളും രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും പരിമിതികളും;

---

1. 2003-ലെ ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ് (2004-ലെ 5) 4-ാം വകുപ്പുപ്രകാരം ചേർത്തത്.

(ങ) 15-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം കൗൺസിലിന് നിയമിക്കാവുന്ന മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും എണ്ണവും നിയമന രീതിയും;

(ച) 15-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ഡയറക്ടർ-ജനറലിനും, മറ്റ് ആഫീസർമാർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളങ്ങളും ബത്തകളും;

(ഛ) 16-ാം വകുപ്പുപ്രകാരം കൗൺസിൽ നിർവഹിക്കേണ്ട അങ്ങനെയുള്ള മറ്റ് ചുമതലകൾ;

(ജ) 19-ാം വകുപ്പുപ്രകാരം കൗൺസിൽ തയ്യാറാക്കേണ്ട ബജറ്റിന്റെ ഫാറവും സമയവും കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ട അതിന്റെ പകർപ്പുകളുടെ എണ്ണവും;

(ഝ) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കൗൺസിൽ തയ്യാറാക്കേണ്ട ബാലൻസ് ഷീറ്റ് ഉൾപ്പെടെയുള്ള വാർഷിക അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(ഞ) 21-ാം വകുപ്പുപ്രകാരം കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ട കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ടിന്റെ ഫാറവും സമയവും;

(ട) ചട്ടപ്രകാരം നിർദ്ദേശിക്കേണ്ടതോ നിർദ്ദേശിക്കാവുന്നതോ ആയ മറ്റേതൊരു സംഗതിയും.

26. <u>റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) കൗൺസിലിന് ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് സംഗതമായി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) കൗൺസിലിന്റെ ആദ്യ യോഗമല്ലാത്തതായ യോഗങ്ങൾ വിളിച്ചുചേർക്കുന്നതിനും കൂടുന്നതിനും 12-ാം വകുപ്പുപ്രകാരം അങ്ങനെയുള്ള യോഗങ്ങൾ കൂടേണ്ട സമയവും സ്ഥലവും അങ്ങനെയുള്ള യോഗങ്ങളിലെ കാര്യപരിപാടികളുടെ നടത്തിപ്പും;

(ഖ) 14-ാം വകുപ്പ് (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം ഭരണസമിതിയും ചെയർപേഴ്സണും വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമായ അധികാരങ്ങളും ചുമതലകളും;

(ഗ) 14-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ഭരണസമിതി അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കടമകൾ നിർവ്വഹിക്കുന്നതിലും പാലിക്കേണ്ട നടപടിക്രമവും ഭരണസമിതിയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും അവർക്കിടയിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്ന രീതിയും;

(ഘ) 14-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സണും ഭരണസമിതിയിലെയും സ്റ്റാൻഡിംഗ് കമ്മിറ്റിയിലെയും അഡ്ഹോക്ക് കമ്മിറ്റിയിലെയും അംഗങ്ങൾക്കും നൽകേണ്ട ബത്തകൾ;

(ങ) 15-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഡയറക്ടർ-ജനറൽ വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമായ അധികാരങ്ങളും ചുമതലകളും;

(ച) 15-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം കൗൺസിലിന്റെ ഡയറക്ടർ-ജനറലിന്റെയും, മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ;

(ഛ) റഗുലേഷനുകളാൽ നിർദ്ദേശിക്കേണ്ടതോ നിർദ്ദേശിക്കാവുന്നതോ ആയ മറ്റ് ഏതൊരു സംഗതിയും.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിലുള്ള ആദ്യ റഗുലേഷനുകൾ ഭരണസമിതി ഉണ്ടാക്കേണ്ടതും അങ്ങനെ ഉണ്ടാക്കിയ ഏത് റഗുലേഷനുകളും കൗൺസിലിന് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിച്ച് മാറ്റാവുന്നതോ അല്ലെങ്കിൽ റദ്ദ് ചെയ്യാവുന്നതോ ആണ്.

27. ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും ഓരോ റഗുലേഷനും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ രണ്ടോ അതിലധികമോ തുടർച്ചയായ സമ്മേളനങ്ങളിലോ ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മേൽപ്പറഞ്ഞ സമ്മേളനമോ തുടർച്ചയായ സമ്മേളനങ്ങളോ കഴിഞ്ഞ് തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിൽ യോജിക്കുകയോ അഥവാ ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കുവാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനോ അല്ലെങ്കിൽ റഗുലേഷനോ അതിനുശേഷം, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ, അതത് സംഗതിപോലെ, പ്രാബല്യമില്ലാതിരിക്കുന്നതോ ആണ്; എന്നാൽ, അങ്ങനെയുള്ള ഭേദഗതി വരുത്തലും ദുർബ്ബലപ്പെടുത്തലും ആ ചട്ടമോ റഗുലേഷനോ പ്രകാരം നേരത്തെ ചെയ്ത ഏതെങ്കിലും കാര്യത്തിന്റെ സാധുതയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ ആയിരിക്കുന്നതാണ്.

28. വിഷമതകൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ഏതെങ്കിലും വിഷമതകൾ ഉണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുപ്രകാരം ആ വിഷമതകൾ നീക്കംചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടുവർഷം കഴിഞ്ഞശേഷം, ഈ വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

[1][28 ക (1) ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—(1) ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ്, 2003-ലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉണ്ടാകുന്നപക്ഷം, ആ വിഷമത നീക്കംചെയ്യുന്നതിലേക്കായി കേന്ദ്രസർക്കാരിന്, ഉത്തരവുമുഖേന, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതെന്തും ചെയ്യാവുന്നതാണ്:

എന്നാൽ, ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ്, 2003-ന്റെ പ്രാരംഭംമുതൽ രണ്ടുവർഷക്കാലയളവ് കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഓരോ ഉത്തരവും, അതു പുറപ്പെടുവിച്ച് കഴിവതുംവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.]

29. റദ്ദാക്കലും ഒഴിവാക്കലും.—(1) ലോകകാര്യ ഭാരത കൗൺസിൽ (രണ്ടാം) ഓർഡിനൻസ്, 2001 (2001-ലെ ഓർഡിനൻസ് 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) മുൻപറഞ്ഞ ഓർഡിനൻസ് റദ്ദാക്കിയിരുന്നാൽത്തന്നെയും, മുൻപറഞ്ഞ ഓർഡിനൻസിൻകീഴിൽ ചെയ്ത എന്തെങ്കിലുമോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാണ്.

---

1. 2003-ലെ ലോകകാര്യ ഭാരത കൗൺസിൽ (ഭേദഗതി) ആക്റ്റ് (2004-ലെ 5) 5-ാം വകുപ്പുപ്രകാരം ചേർത്തത്.

## THE INDIAN COUNCIL OF WORLD AFFAIRS ACT, 2001

**(Act No. 29 of 2001)**

## ലോകകാര്യ ഭാരത കൗൺസിൽ ആക്റ്റ്, 2001

(2001-ലെ 29-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | |
|---|---|---|---|
| 1. | Absorption | ഉൾക്കൊള്ളിക്കൽ | S. 5 (2) |
| 2. | Benefactions | സഹായധനങ്ങൾ | S. 18 (1) (b) |
| 3. | Body of informed opinion | ധാരണയുള്ളവരുടെ സമൂഹം | S. 13 (a) |
| 4. | Clearing house | ശേഖരിച്ച് വിതരണം ചെയ്യുന്ന ഏജൻസി | S. 13 (c) |
| 5. | Full account | പൂർണ്ണവിവരം | S. 21 |
| 6. | Inventory | വിവരപ്പട്ടിക | S. 6 (2) |
| 7. | Media personality | മാദ്ധ്യമ പ്രവർത്തകൻ | S. 7 (2) (g) |